# ദർശന കൗൺസലിംഗ് കോർണർ

| | |
|---|---|
| ക്ലാസ്സുകൾ | 1 |
| 2 | കൗൺസലിംഗ് പരിശീലനം |
| കേസ് സ്റ്റഡീസ് | 3 |
| 4 | കൗൺസലിംഗ് ആരംഭം |

## Resource Team

Dean of Studies : Rev. Dr. Paul Karedan

Rev. Dr. Thomas Kallookkaran

Rev. Dr. Manuel Karimpana MST

Rev. Dr. Tomy Tharayil

Dr. Sr. Vinaya CHF

Dr. Sr. Sumam SD

Dr. Sr. Rose Jose CHF

Dr. Sr. Lissa SVM

രജിസ്റ്റ്രേഷൻ ഫോമുകൾ മെയ് 1 മുതൽ Catechism website ൽ ലഭ്യമായിരിക്കും. കോഴ്സിൽ സംബന്ധിക്കുന്നവർ ജൂൺ 31-നു മുൻപായി തങ്ങളുടെ Academic Qualification Certificate കൾക്കൊപ്പം പൂരിപ്പിച്ച അപേക്ഷാഫോറവും, രജിസ്റ്റ്രേഷൻ ഫീസായ 1000 രൂപയും, വികാരിയച്ചന്റെ ശുപാർശകത്തുമായി മതബോധന കേന്ദ്രത്തിൽ വന്ന് പേരുകൾ Register ചെയ്യേണ്ടതാണ്. കൃത്യമായും സമയനിഷ്ഠയോടും കൂടി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റിനൊപ്പം രജിസ്റ്റ്രേഷൻ ഫീസ് തിരികെ നൽകുന്നതാണ്.

**Department of Catechesis**
Archdiocese Of Ernakulam - Angamaly
Renewal Center, Kaloor, Kochi - 17
Ph : 0484 - 2346628

Website : www.catechismernakulam.com
Email : catechismernakulam@gmail.com

**DEPARTMENT OF CATECHESIS**
ARCHDIOCESE OF ERNAKULAM - ANGAMALY
www.catechismernakulam.com, catechismernakulam@gmail.com

# DARSANA Counselling Corner

*To Listen & To Guide...*

മാനസികമായ കരുത്ത് നൽകാൻ

നല്ല വഴിയിലൂടെ നടത്താൻ

നന്മതിന്മകളെ വിവേചിച്ചു നൽകാൻ

ഓരോ മതബോധന യൂണിറ്റിലും

കൗൺസലിംഗ് സെന്റർ

# ദർശന കൗൺസലിംഗ് കോർണർ

വിശ്വാസപരിശീലന മേഖലയിൽ ഇനിയും ഒരുപാട് ദൂരം നാം സഞ്ച രിക്കേണ്ടതായിട്ടുണ്ട്. അതിസങ്കീർണ്ണമായ ജീവിതാവസ്ഥകളിലാണ് നമ്മുടെ കുഞ്ഞുങ്ങൾ വളരുന്നത്. മാധ്യമങ്ങളും, വിവരസാങ്കേതികതയും, ജീവിത നിലവാരങ്ങളിൽ വന്ന ഉയർച്ച താഴ്ചകളുമെല്ലാം കുട്ടികളെ വല്ലാതെ സ്വാധീനിക്കുകയും ചിലപ്പോഴെല്ലാം നന്മയായും ഏറിയ പങ്കും തിന്മയായും അതു പരിണമിക്കുകയും ചെയ്യുന്നുണ്ട്. നമ്മുടെ മതാദ്ധ്യാപകർ അതിനെക്കുറിച്ച് വ്യക്തമായ ധാരണയുള്ളവരാണ്. അതുകൊണ്ടുതന്നെയാണ് സങ്കീർണ്ണമായ ജീവിതസാഹചര്യങ്ങളിൽ യാഥാർത്ഥ്യബോധം നഷ്ടപ്പെട്ട കുട്ടികളെ ഈശോയിലേക്ക് കൈപിടിച്ചുനടത്തുന്നതിന് ഇടവകകളോട് ചേർന്ന് കൗൺസലിംഗ് കോർണറുകൾ വേണമെന്ന ആവശ്യം ശക്തിയായി ഉയർന്നുവന്നത്. ഈ വെളിച്ചത്തിൽ ഈ വർഷത്തെ നമ്മുടെ പ്രധാനമായ ലക്ഷ്യം ഇടവകകളോട് ചേർന്ന് കൗൺസലിംഗ് സൗകര്യങ്ങൾ ഒരുക്കുക എന്നുള്ളതാണ്.

നല്ല നിലത്തുവീണ വിത്തുകളാണ് മുപ്പതുമേനിയും അറുപതുമേനിയും നൂറുമേനിയും ഫലം പുറപ്പെടുവിച്ചത്. വൈദികരും, സിസ്റ്റേഴ്സും, മതാദ്ധ്യാപകരും ചേർന്ന് നടത്തുന്ന വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ വിളനിലം ഒരുക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ഓരോ ക്ലാസ്സിലും ഓരോ മതാദ്ധ്യാപകർ എന്നപോലെ ഓരോ ഇടവകയ്ക്കും ഓരോ കൗൺസിലർ. താന്താങ്ങളുടെ ഇടവകകളിൽ കൗൺസലിംഗ് ആവശ്യമായ കുട്ടികളെ വിശ്വാസപരിശീലന ക്ലാസ്സുകളുടെ സമയത്തോ, മറ്റവസരങ്ങളിലോ ഈ കൗൺസിലറുടെ അടുത്തേക്കയയ്ക്കാം. അത്തരത്തിൽ ലഭ്യതയുള്ള ഒരാളായിരിക്കണം കൗൺസിലർ. കുട്ടികളുടെ വിശ്വാസജീവിതത്തെ പരിപോഷിപ്പിക്കുന്ന ഘടകമായി വർത്തിക്കുന്നയാൾ എന്ന നിലയിൽ മതാദ്ധ്യാപ കരുടെ ഗണത്തിൽ തന്നെയായിരിക്കും ഈ കൗൺസിലറുടെ സ്ഥാനം.

## ദർശന കൗൺസലിംഗ് കോഴ്സ്

ഒരു വർഷത്തോളം നീണ്ടുനിൽക്കുന്ന ഏറെ പരിശ്രമവുംസമർപ്പണവുംആവശ്യമായി ട്ടുള്ള ഒരു പരിപാടിയാണിത്. എന്നാൽ ഇന്നിന്റെ ഒരു അത്യാവശ്യമെന്ന നിലയിലാണ് ഈ കോഴ്സ് സംഘടിപ്പിക്കപ്പെടുന്നത്.

**നാലു ഘട്ടങ്ങളായാണ് ദർശന കൗൺസലിംഗ് കോഴ്സ് നടത്തപ്പെടുന്നത്.**

### ഒന്നാം ഘട്ടം : ക്ലാസ്സുകൾ

കോഴ്സിൽ സംബന്ധിക്കുന്ന എല്ലാവർക്കുമൊരുമിച്ച് നടത്തപ്പെടുന്ന തിയറി ബേസ്ഡ് ക്ലാസ്സുകളാണ് ഈ ഘട്ടത്തിൽ നടത്തുന്നത്.ആഗസ്റ്റ്-സെപ്തംബർ മാസങ്ങളിൽ പത്ത് ദിവസങ്ങളിലായി അടിസ്ഥാന വിഷയങ്ങളാണ് ഈ ക്ലാസ്സുകളിൽ അവതരിപ്പിക്കപ്പെടുന്നത്.

1. മനഃശാസ്ത്രത്തിന് ഒരു ആമുഖം (Introduction to Psychology)
2. വളർച്ചയുടെ മനഃശാസ്ത്രം (Developmental Stages)
3. കൗൺസലിംഗ് - പ്രായോഗിക തത്ത്വങ്ങൾ (Basic Counselling skills)
4. കൗൺസലിംഗ് - നൂതന രീതികൾ (Advanced skills)

എന്നിവയും അവയോട് ബന്ധപ്പെട്ട മറ്റുവിഷയങ്ങളും ആയിരിക്കും.

### രണ്ടാം ഘട്ടം : കൗൺസലിംഗ് പരിശീലനം

ക്ലാസ്സുകളിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കോഴ്സിൽ സംബന്ധിച്ചവർ തങ്ങളുടെ ഇടവകകളിൽ ചെറിയതോതിൽ നടത്തുന്ന രണ്ടു മാസക്കാലത്തെ കൗൺസലിംഗ് പരിശീലനം ആണ് രണ്ടാം ഘട്ടം.

### മൂന്നാം ഘട്ടം : Case Study

രണ്ടു മാസത്തെ പരിശീനത്തിനുശേഷം ഒരുമിച്ചുചേർന്ന് ഗ്രൂപ്പുകളായി തിരിഞ്ഞ് തങ്ങൾ നടത്തിയ കൗൺസലിംഗുകളുടെ വെളിച്ചത്തിലുള്ള വ്യക്തിപഠനങ്ങളും, അവലോകനവും.

### നാലാം ഘട്ടം : കൗൺസലിംഗ് ആരംഭം

പ്രവൃത്തിതലത്തിൽ ലഭിച്ച അറിവുകളുടെയും ഉൾക്കാഴ്ചകളുടെയും അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കി ഇടവകതലങ്ങളിൽ കൗൺസലിംഗുകൾ ആരംഭിക്കുന്നു.

### യോഗ്യത

ആധുനിക കാലഘട്ടത്തിന്റെ നന്മകളും പോരായ്മകളുമുള്ള കുട്ടികളെ അറിയാനും മനസ്സിലാക്കാനും കഴിയുന്ന ക്ഷമാശീലവും സഹനശക്തിയും പ്രാർത്ഥനാചൈതന്യവും മാതൃകാപരമായ ജീവിതവും നയിക്കുന്ന വ്യക്തികളെയാണ് ഈ കോഴ്സിലേക്ക് ലക്ഷ്യമാക്കുന്നത്. കഴിഞ്ഞ ഒന്നോ രണ്ടോ വർഷങ്ങളിൽ റിട്ടയേർഡ് ആയതോ നിലവിൽ ജോലി ചെയ്യുന്നവരോ ആയ അദ്ധ്യാപകരെയാണ് കൂടുതൽ താല്പര്യപ്പെടുന്നത്. ഓരോ ഇടവകയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരാളെയാണ് കോഴ്സിലേക്ക് അയയ്ക്കേണ്ടത്. വികാരിയച്ചൻമാരുടെ നേതൃത്വത്തിൽ നല്ല വ്യക്തികളെ കണ്ടെത്തി അയയ്ക്കുക. 50നും 65നും ഇടയിൽ പ്രായപരിധിയിലുള്ളവരെ കൂടുതലായും പരിഗണിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 75 പേർക്കാണ് അവസരം.